ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ, ഗ്രാറ്റുവിറ്റി മുതലായവ ഗവൺമെന്റ് ട്രഷറിയിൽ നിന്നും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) പ്രസക്തമല്ല.

ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി

90(993) ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവൈദ്യുതി പദ്ധതികളുടെ അണക്കെട്ടുകളിൽ ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളമുണ്ട് ;

(ബി) ഇപ്പോൾ പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ട് ;

(സി) ഈ ക്രമത്തിൽ എത്ര ദിവസത്തെ വൈദ്യുതി ഉൽപ്പാദനത്തിനുള്ള വെള്ളം ഇപ്പോൾ ജലസംഭരണികളിലുണ്ട് ;

(ഡി) മഴക്കാലം ആരംഭിക്കുന്നതുവരെ നമുക്കാവശ്യമായ വൈദ്യുതി എപ്രകാരം ലഭ്യമാക്കാമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ) 1856 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമുണ്ട്.

(ബി) ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിദിനം 17.50 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) ജലവർഷം ആരംഭിക്കുന്നത് ജൂൺ 1 മുതലാണ്. ഇത് കണക്കാക്കിയാണ് വൈദ്യുതി ഉല്പാദനം പ്ലാൻ ചെയ്യുന്നത്. പ്രതിദിനം 17.5 മില്യൻ യൂണിറ്റ് ക്രമത്തിൽ ജലവൈദ്യുതി ഉല്പാദിപ്പിച്ചാൽ മേയ് 31 വരെ 17.15 മില്യൻ യൂണിറ്റിനുള്ള ജലം ഉപയോഗിക്കും. ബാക്കി 141 മില്യൻ യൂണിറ്റിനുള്ള ജലവും മേയ് 31 വരെ പ്രതീക്ഷിക്കുന്ന ഇൻഫ്ലോയും (335 മില്യൻ യൂണിറ്റ്) കൂടി കണക്കാക്കിയാൽ ജൂൺ ഒന്നിന് സംഭരണികളിൽ 476 മില്യൻ യൂണിറ്റ് ജലം മിച്ചമുണ്ടായിരിക്കും. ജൂൺ ഒന്നിന് 450 മില്യൻ യൂണിറ്റ് ജലം മിച്ചമുണ്ടെങ്കിൽ വളരെ സുരക്ഷിതമാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മഴക്കാലം ആരംഭിക്കുന്നതുവരെ (ജൂൺ 1) പ്രതിദിനം ആവശ്യമായ വൈദ്യുതി 34.5 മില്യൻ യൂണിറ്റ് ആണ്. ഇത് ലഭ്യമാകുന്നത് താഴെപ്പറയും പ്രകാരമാണ്.

ജലവൈദ്യുതി	-	17.5 മില്യൻ യൂണിറ്റ്
താപവൈദ്യുതി ബ്രഹ്മപുരം		
ഡീസൽ പവർ പ്രോജക്ട്	-	1.6 മില്യൻ യൂണിറ്റ്
കോഴിക്കോട് ഡീസൽ പവർ പ്ലാന്റ്	-	1.7 മില്യൻ യൂണിറ്റ്
കായംകുളം എൻ.ടി.പി.സി	-	5.2 മില്യൻ യൂണിറ്റ്
കേന്ദ്ര വിഹിതം	-	8.5 മില്യൻ യൂണിറ്റ്
	ആകെ	34.5 മില്യൻ യൂണിറ്റ്

വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്

91(994) ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വായ്പ അപേക്ഷ ഇപ്പോൾ എത്ര കാലത്തിനുള്ളിൽ അനുവദിച്ചു പണം കൊടുക്കുവാൻ കഴിയുന്നുണ്ട് ;

(ബി) വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സുരക്ഷിതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ എന്തെന്ന് വിശദീകരിക്കുമോ ;

(ഡി) വൈദ്യുതി ബോർഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിന് സുരക്ഷിതത്വം നൽകാൻ വേണ്ടി ഗവൺമെന്റ് ഒരു ഫണ്ട് രൂപീകരിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) രണ്ട് മാസത്തിനുള്ളിൽ.

(ബി, സി & ഡി) ബോർഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഇപ്പോൾതന്നെ സുരക്ഷിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly